പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

11/06/2019-ൽ

നിയമസഭാ ചോദ്യം നം. *91

മറുപടിയ്ക്ക്

## പൊതുവിദ്യാലയങ്ങൾ കൈവരിച്ച മികവ്

ചോദ്യം

**ശ്രീഐ.ബി. സതീഷ്**
**ശ്രീഎ. പ്രദീപ്കുമാർ**
**ശ്രീ പി.ടി.എ. റഹീം**
**ശ്രീകെ.ഡി. പ്രസേനൻ**

(എ) മുൻ സർക്കാരിന്റെ കാലത്ത് വിദ്യാലയങ്ങളെ ആദായകരം അനാദായകരം എന്ന് വേർതിരിച്ച് സ്വകാര്യ മേഖലയുടെ താല്പര്യ സംരക്ഷണാർത്ഥം വിദ്യാഭ്യാസ വാണിജ്യവൽക്കരണം പ്രോത്സാഹിച്ചതിൽ നിന്ന് വിഭിന്നമായി പൊതു വിദ്യാലയങ്ങളിലേക്ക് മൂന്നര ലക്ഷത്തോളം പുതിയ വിദ്യാർത്ഥികളെ ആകർഷിക്കും വിധം നടത്തിയ ഇടപെടൽ വിശദമാക്കാമോ;

മറുപടി

പ്രൊഫ.സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) പൊതുവിദ്യാലയങ്ങളെ സമൂഹ പങ്കാളിത്തത്തോടെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആസൂത്രണം ചെയ്ത് നടപ്പാക്കി. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിലൂന്നിക്കൊണ്ട് അക്കാദമിക മികവ് , വിദ്യാലയ മികവ് എന്ന ലക്ഷ്യം നേടാനുള്ള വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങളാണ് പൊതുവിദ്യാലയങ്ങളിൽ നടക്കുന്നത്. ഈ പ്രവർത്തനങ്ങളിൽ ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കാൻ കഴിഞ്ഞതുകൊണ്ടാണ് വലിയ തോതിൽ കുട്ടികളുടെ എണ്ണം പൊതുവിദ്യാലയങ്ങളിൽ വർദ്ധിക്കുന്നത്.

നാല് മേഖലകളിൽ ഊന്നിയുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്.

1. ഭൗതിക സൗകര്യവികസനം
2. സാങ്കേതികവിദ്യാ സൗഹൃദ ക്ലാസ്സ് മുറികൾ / വിദ്യാലയം
3. അക്കാദമിക പ്രവർത്തനങ്ങൾ
4. സമൂഹപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ

ഭൗതിക സൗകര്യ വികസനത്തിനുള്ള പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ടം എന്ന നിലയ്ക്ക് 2017-18 വർഷം ഒരു നിയോജക മണ്ഡലത്തിലെ ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് 5 കോടി കിഫ്ബി ധനസഹായത്തോടെ മികവിന്റെ കേന്ദ്രമാക്കുന്ന

പദ്ധതിയുടെ ഭാഗമായി 141 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 138 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു ബാക്കി സ്കൂളുകളുടെ ടെണ്ടർ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ കിഫ്ബിയുടെ 3 കോടി ധനസഹായത്തോടെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 229 സ്കൂളുകളെ തെരഞ്ഞെടുക്കുകയും അതിൽ 70 സ്കൂളുകൾക്ക് കിഫ്ബി ധനസഹായം അനുവദിക്കുകയും ടെണ്ടർ നടപടി പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 115 സ്കൂളുകളുടെ DPR കിഫ്ബി അംഗീകരിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കി വരുന്നു. ബാക്കിയുള്ള സ്കൂളുകൾക്ക് കിഫ്ബി അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ 2018-19 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ (കിഫ്ബി ധനസഹായത്തോടെ) 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി രൂപയുടേയും 500 - 1000 കുട്ടികൾ പഠിക്കുന്ന 444 സ്കൂളുകൾക്ക് 1 കോടി രൂപയുടേയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. കൂടാതെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തിയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പദ്ധതി വിഹിതത്തിലൂടെ 437 വിദ്യാലയങ്ങൾക്ക് കെട്ടിടങ്ങൾ. കൂടാതെ എയ്ഡഡ് വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യ വികസനത്തിനായി ചലഞ്ച് ഫണ്ട്.

8 മുതൽ 12 വരെയുള്ള 45000 ക്ലാസ്സ് മുറികളെ സാങ്കേതിക വിദ്യാ സൗഹൃദമാക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ട്. സാങ്കേതിക വിദ്യാ സൗഹൃദ ക്ലാസ്സ് മുറികളിൽ ആവശ്യമായ ഇ-റിസോഴ്സ് ഉറപ്പാക്കാൻ സമഗ്ര പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. പ്രൈമറി സ്കൂളുകളെ സാങ്കേതിക വിദ്യാ സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അക്കാദമിക മികവിനായി എല്ലാ വിദ്യാലയങ്ങളും തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ ആക്ഷൻ പ്ലാനുകളാക്കി നടപ്പിലാക്കി വരുന്നു. അതോടൊപ്പം ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ വിവിധ പഠന പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. ഭാഷാ വികാസത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു. മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്,

| | |
|---|---|
| (ഡി) പൊതുവിദ്യാലയങ്ങൾ കൈവരിച്ച മികവ് ബോധ്യപ്പെടുത്തി കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിനായി അധ്യാപകർ വിദ്യാലയ പരിധികളിൽ ഭവനസന്ദർശനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) പൊതുവിദ്യാലയങ്ങൾ ജനകീയമായി എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ നേട്ടങ്ങളിലൊന്ന്. ഇതിന്റെ ഭാഗമായി ഓരോ വിദ്യാലയത്തിലെയും അദ്ധ്യാപകരും അതിനു ചുറ്റുമുള്ള സമൂഹവുമായും നിരന്തരം ബന്ധപ്പെടുന്നുണ്ട്. കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ഓരോ സ്കൂളിനും ചുറ്റുമുള്ള മുഴുവൻ കുട്ടികളേയും പ്രസ്തുത വിദ്യാലയത്തിലേക്ക് ആകർഷിക്കുന്നതിനു വേണ്ടി പിടിഎയുടെ നേതൃത്വത്തിൽ ഭവന സന്ദർശനങ്ങൾ സ്കൂൾ തലങ്ങളിൽ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്. അദ്ധ്യാപകരും ഇതിന്റെ ഭാഗമാണ്. അദ്ധ്യാപകരും രക്ഷകർത്താക്കളും തമ്മിലുള്ള പരസ്പര വിനിമയം മുൻകാലങ്ങളിലേക്കാൾ വർദ്ധിച്ചു വന്നിട്ടുണ്ട്. |

Namitha. P

**സെക്ഷൻ ഓഫീസർ**